**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 611** **24-08-2022 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ വ്യവസായ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകുന്നത് ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വിശദമാക്കുമോ; | (എ) | സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് ഡവലപ്പർ പെർമിറ്റ് അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | തിരുവമ്പാടി മണ്ഡലത്തിൽ ജബൽ ഗ്രീൻ പാർക്ക് വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് നൽകിയ അപേക്ഷയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ? | (ബി) | തിരുവമ്പാടി മണ്ഡലത്തിലെ കാരശ്ശേരി പഞ്ചായത്തിൽ കുമാരനെല്ലൂർ വില്ലേജിൽപ്പെട്ട 10 ഏക്കർ സ്ഥലത്ത് ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി ജബൽ വെൻച്വേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പ്രൊമോട്ടറായ ശ്രീ. അബ്ദുൽ സലാം എന്നയാൾ 04/08/2022-ന് ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തുന്നതിനായി 23/08/2022-ന് രാവിലെ 11 മണിക്ക് കോഴിക്കോട് ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ സൈറ്റ് സെലക്ഷൻ കമ്മിറ്റി കൂടുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>കുമാരനെല്ലൂർ വില്ലേജിൽ തന്നെ 33 ഏക്കർ സ്ഥലത്ത് ജബൽ ഗ്രീൻ പാർക്ക് എൽ.എൽ.പി എന്ന പേരിൽ സ്വകാര്യ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് മെ. ജബൽ വെൻച്വേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച അപേക്ഷ കിൻഫ്ര വഴി സർക്കാരിൽ ലഭിക്കുകയും റിപ്പോർട്ടിനായി വ്യവസായ വാണിജ്യ ഡയറക്ടർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ടി പാർക്കിന്റെ ഭൂ പരിധി സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ അഭിപ്രായം അറിയിക്കുവാനായി അനൗദ്യോഗികക്കുറിപ്പും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ